# അൽമായവേദി ന്യൂസ് ബുള്ളറ്റിൻ

**അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരണം**

(വെബ് എഡീഷൻ മാത്രം) 2006 ഓഗസ്റ്റ് 29


## ദിദിമോസ് ബാവായ്ക്കു സ്വീകരണം

കോട്ടയം: മെത്രാപ്പോലീത്താ പദവിയിൽ 40 വർഷം പൂർത്തിയാക്കിയ മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനായ പ. ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് കാതോലിക്കാ ബാവായ്ക്ക് അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി ആശംസകളർപ്പിച്ചു. ദേവലോകം കാതോലിക്കേറ്റ് അരമനയിൽ നടന്ന ലളിതമായ ചടങ്ങിൽ അൽമായവേദി പ്രസിഡന്റ് കെ. വി. ഏബ്രഹാം കൊടുവത്ത് ബാവായ്ക്ക് ബൊക്കെ സമ്മാനിച്ചു.

ജനറൽ സെക്രട്ടറി തോമസ് ചാണ്ടി, വൈസ് പ്രസിഡന്റ് ക്യാപ്റ്റൻ കോശി മത്തായി, സെക്രട്ടറി പീലിപ്പോസ് പോട്ടയ്ക്കാവയലിൽ, കെ. പി. കുര്യാക്കോസ് പുതുപ്പള്ളി, ജോയ്സ് തോട്ടയ്ക്കാട് എന്നിവർ പ്രസംഗിച്ചു. പ. ബാവാ തിരുമേനി കേക്ക് മുറിക്കുകയും ആഘോഷങ്ങൾക്ക് നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു.

അൽമായ ട്രസ്റ്റി പി. സി. ഏബ്രഹാം, ഫാ. കെ. വി. ഗീവർഗീസ്, ഫാ. കെ. കെ. സഖറിയ എന്നിവരും ചടങ്ങുകളിൽ സംബന്ധിച്ചു.

## മാർ മക്കാറിയോസ് വി. കുർബാനയ്ക്കിടെ ബോധരഹിതനായി

അഭി. തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്താ ഓഗസ്റ്റ് 13-ാം തീയതി ഞായറാഴ്ച വി. കുർബാന അർപ്പിച്ചുകൊണ്ടിരിക്കുമ്പോൾ ബോധരഹിതനായി താഴെ വീഴുകയും തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. കോട്ടയം ഭദ്രാസനത്തിലെ പുത്തൻചന്ത സെന്റ് മേരീസ് പള്ളിയിലായിരുന്നു സംഭവം. വികാരിയും ഓർത്തഡോക്സ് വൈദികസെമിനാരി അദ്ധ്യാപകനുമായ ഫാ. എം. പി. ജോർജാണ് വി. കുർബാനയുടെ ശേഷം ഭാഗം പൂർത്തീകരിച്ചത്.

20-ാം തീയതി ഞായറാഴ്ച ദേഹാസാസ്ഥ്യം മൂലം മെത്രാപ്പോലീത്താ വി. കുർബാന ചൊല്ലാതെ ഹോട്ടൽ വിൻസർ കാസിലിൽ തങ്ങി.

27-ാം തീയതി ഞായറാഴ്ച പഴയസെമിനാരി ചാപ്പലിൽ വി. കുർബാന ചൊല്ലിക്കൊണ്ടിരിക്കെ തല കറക്കമുണ്ടായ മെത്രാപ്പോലീത്തായെ വീണ്ടും ആശുപത്രിയിൽ പ്രവേശിപ്പിച്ചു. സെമിനാരി മാനേജർ ഫാ. എം. സി. കുറിയാക്കോസാണ് വി. കുർബാന പൂർത്തീകരിച്ചത്. അമേരിക്കയിൽ വച്ച് മുമ്പും ഇപ്രകാരം സംഭവിച്ചിട്ടുള്ളതായി അറിയുന്നു. മെത്രാപ്പോലീത്തായുടെ രോഗസൗഖ്യത്തിനായി സഭാംഗങ്ങൾ എല്ലാവരും പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## ബാവായ്ക്ക് വിലക്ക്: അപ്പീലിൽ വാദം തുടങ്ങി

എറണാകുളം: പ. ദിദിമോസ് പ്രഥമൻ ബാവാ മലങ്കര മെത്രാപ്പോലീത്താ, കാതോലിക്കാ എന്നീ നിലകളിൽ പ്രവർത്തിക്കുന്നതിനെ വിലക്കി എറണാകുളം മുൻസിഫ് കോടതി നല്കിയ ഉത്തരവ് സ്റ്റേ ചെയ്യണമെന്ന ആവശ്യത്തിന്മേൽ ജില്ലാ കോടതിയിൽ വാദം തുടങ്ങി. വാദം ഇന്നു തുടരും. അഡീഷണൽ ജില്ലാ ജഡ്ജി അശോക് മേനോനാണ് വാദം കേൾക്കുന്നത്.

## സഭാട്രസ്റ്റി പി. സി. ഏബ്രഹാമിന്റെ സഭയോടുള്ള കൂറിലും വിശ്വസ്തതയിലും ആൽമായവേദി സംശയം പ്രകടിപ്പിച്ചു

കോട്ടയം: മെത്രാപ്പോലീത്താ സ്ഥാനമേറ്റിട്ട് 40 വർഷം തികഞ്ഞ പ. ദിദിമോസ് കാതോലിക്കാബാവായെ അനുമോദിക്കുവാൻ അൽമായവേദി സംഘടിപ്പിച്ച ചടങ്ങിൽ അവിചാരിതമായി സഭാട്രസ്റ്റി പി. സി. ഏബ്രഹാമും സംബന്ധിച്ചിരുന്നു. അനുമോദന സമ്മേളനത്തെ തുടർന്ന് സഭയുടെ ഇപ്പോഴത്തെ പ്രതിസന്ധിയെക്കുറിച്ച് ബാവാ തിരുമേനിയുമായി അൽമായവേദി പ്രവർത്തകർ വിശദമായി ചർച്ച ചെയ്യുകയും ചില നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തു.

സഭാ നേതൃത്വത്തിലിരിക്കുന്ന ചില വ്യക്തികളുടെ സഭയോടുള്ള കൂറിലും വിശ്വസ്തതയിലും അൽമായവേദിയ്ക്ക് സംശയമുണ്ടെന്ന് പി. സി. ഏബ്രഹാമിന്റെ പേരു കൂടി പരാമർശിച്ച് അൽമായവേദിയ്ക്കു വേണ്ടി ജോയ്സ് തോട്ടയ്ക്കാട് ചൂണ്ടിക്കാട്ടി. സഭയ്ക്ക് വേണ്ടി കേസ് നടത്തിക്കൊണ്ടിരുന്ന മുൻ അഭിഭാഷകർ പല രേഖകളും വിഘടിത വിഭാഗത്തിന് കൈമാറിയിട്ടുള്ളതായും ഇപ്പോഴത്തെ കേസിനു പുറകിൽ തന്നെ സഭാംഗങ്ങളായ പലരുമുണ്ടെന്ന വസ്തുതയും അൽമായവേദി പ്രവർത്തകർ തുറന്നു പറഞ്ഞു. പി. സി. ഏബ്രഹാമിന്റെ പേര് പരാമർശിച്ചെങ്കിലും അദ്ദേഹത്തെ സംരക്ഷിച്ച് എന്തെങ്കിലും പറയാൻ പ. ബാവാ തയ്യാറായില്ല.

ഇപ്പോഴത്തെ കേസിനു പുറകിൽ സമീപകാലത്ത് നടപടികൾക്ക് വിധേയനായ ഒരു വൈദികൻ ഉണ്ടെന്ന് സഭാനേതൃത്വം സംശയിക്കുന്നു. പുരോഹിതനായ ശേഷം വിവാഹം കഴിക്കുകയും, ഭാര്യയെ ക്രൂരമായി മർദ്ദിക്കുന്നതിന്റെ പേരിൽ അവർ കോടതി വഴി വിവാഹമോചനം നേടുകയും, നൂറു കണക്കിന് ആൾക്കാരെ റിയൽ എസ്റ്റേറ്റ് ബിസിനസ്സിന്റെ പേരിൽ വഞ്ചിക്കുകയും ചെയ്ത ആളാണീ വൈദികനെന്ന് അവർ അറിയിച്ചു. അൽമായവേദി ഈ വിവരം നേരത്തെ മനസ്സിലാക്കിയിരുന്നതും, ഈ വൈദികനെതിരെ നടപടി എടുക്കണമെന്ന് ആവശ്യപ്പെട്ടിരുന്നതായും പ്രവർത്തകർ ചൂണ്ടിക്കാട്ടി.

## ഒരു ഐക്കൺ രണ്ടു തവണ സമ്മാനമായി വാങ്ങിക്കുന്നതുകൊണ്ട് എന്ത് നേട്ടം?

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമന്റെ ഓർമ്മപ്പെരുന്നാളിൽ, റഷ്യൻ പാത്രിയർക്കീസ് കൊടുത്തുവിട്ടത് എന്ന പേരിൽ ഒരു ഐക്കൺ സഭാട്രസ്റ്റി പി. സി. ഏബ്രഹാമിന് പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ നല്കുകയുണ്ടായി. സഭയെ പ്രതിനിധീകരിച്ച് ഒരു ഡലിഗേഷൻ റഷ്യയിൽ നടന്ന ഒരു സമ്മേളനത്തിൽ പങ്കെടുക്കാൻ പോയപ്പോൾ, പാത്രിയർക്കീസ് കേരളത്തിൽ വന്ന കാര്യവും പി. സി. ഏബ്രഹാമിന്റെ ഭവനത്തിൽ താമസിച്ച കാര്യവും അനുസ്മരിച്ചുവെന്നും സമ്മാനമായി ഈ ഐക്കൺ തന്നുവിട്ടുവെന്നുമാണ് അവിടെ അതിനെക്കുറിച്ച് വിശദീകരിച്ചത്. പിറ്റേദിവസം മനോരമയിൽ പടം വരുമെന്ന് അവറാച്ചായൻ പ്രതീക്ഷിച്ചെങ്കിലും വന്നില്ല.

റഷ്യൻ പാത്രിയർക്കീസിന്റെ സമ്മാനമായി ഐക്കൺ കിട്ടിയ കാര്യം നാലു പേരെ അറിയിക്കാനെന്താണൊരു വഴി എന്നാലോചിച്ചിരിക്കുമ്പോഴാണ് താൻ ശതാഭിഷിക്തനാകുവാൻ പോകുന്ന വിവരം അദ്ദേഹം ഓർത്തത്. ശതാഭിഷേകം ദേവലോകത്തു വച്ചു ഇന്നലെ നടന്നു. ഇന്നത്തെ മനോരമയിൽ പ. ദിദിമോസ് ബാവാ അവറാച്ചായന് പാത്രിയർക്കീസിന്റെ സമ്മാനം കൊടുക്കുന്ന ചിത്രം കളറിൽ ഗംഭീരമായി കൊടുത്തിട്ടുണ്ട്. പുലിക്കോട്ടിൽ തിരുമേനിയുടെ പെരുനാളിൽ സംബന്ധിച്ച സഭാംഗങ്ങൾ പടം കണ്ട് ചിരിക്കുന്നു. അവറാച്ചായന്റെ പടം മനോരമയിൽ വരാൻ ഇത്ര പാടാണെങ്കിൽ സഭാ വാർത്തകൾ വരാത്തതിൽ ദുഃഖിക്കാനില്ലല്ലോ എന്നോർത്ത് ആശ്വസിക്കാം.


**Published by K. V. Abraham Koduvath (President) on behalf of Akhila Malankara Orthodox Almayavedi**
**(Reg. No. K 713/2005), PB No. 652, Kottayam Editor: Joice Thottackad**